ഉത്തരം

(എ) വരുമാന പരിധി പ്രതിവർഷം 2.5 ലക്ഷം രൂപയാണ്.

(ബി) വരുമാന പരിധി കണക്കാക്കുമ്പോൾ കുടുംബത്തിലെ എല്ലാ അംഗങ്ങളുടേയും എല്ലാത്തരത്തിലുള്ള വരുമാനവും ചേർത്ത് കണക്കാക്കുന്നു. ശമ്പളം ലഭിക്കുന്നവരുണ്ടെങ്കിൽ അവരുടെ അടിസ്ഥാന ശമ്പളവും ഡി. എ.-യും ചേർത്ത് കണക്കാക്കിയാണ് വരുമാനം നിശ്ചയിക്കുന്നത്.

(സി) 5-6-2002-ലെ ജി. ഒ. (എം. എസ്.) 30/02/എസ്. സി. എസ്. റ്റി. ഡി. ഡി. നമ്പരായുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ഓരോ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും മെറിറ്റ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും പ്രവേശനം ലഭിച്ച വിദ്യാർത്ഥികളും നൽകിയ ഫീസും

386 [2447] ശ്രീ. പി. ടി. തോമസ്:

,, എൻ. ശക്തൻ:

,, ടി. വി. ചന്ദ്രമോഹൻ:

പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ഓരോ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലും മെറിറ്റ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും എത്ര വിദ്യാർത്ഥികൾക്കുവീതം പ്രവേശനം നൽകിയെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞവർഷം മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചവരും മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിച്ചവരും എന്ത് തുക വീതമാണ് ഫീസ് നൽകിയത്?

ഉത്തരം

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിൽ മാത്രമാണ് പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകുന്നത്. മാനേജ്മെന്റ് സീറ്റുകളിൽ അതാത് മാനേജ്മെന്റുകളാണ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്. ഒരോ സ്വാശ്രയ കോളേജിലും ഗവൺമെന്റ് സീറ്റുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നൽകിയ വിദ്യാർത്ഥികളുടെ എണ്ണം കാണിക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) കഴിഞ്ഞവർഷം സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ചവർ അടയ്ക്കേണ്ടിയിരുന്ന ഫീസിന്റെ വിവരം താഴെ കൊടുക്കുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

I. എഞ്ചിനീയറിംഗ് കോഴ്സുകൾ

(എസ്. സി. /എസ്. ടി./ഒ. ഇ. സി. വിദ്യാർത്ഥികൾ ഒഴികെ)

വാർഷിക ട്യൂഷൻ ഫീസ്—36,000 രൂപ.

(വാർഷിക വരുമാനം 60,000 രൂപ വരെയുള്ളവർ 18,000 രൂപ അടച്ചാൽ മതിയായിരുന്നു.)

പ്രവേശന ഫീസ്—100 രൂപ.

വാർഷിക സ്പെഷ്യൽഫീസ്—1,000 രൂപ.

കാഷൻ ഡെപ്പോസിറ്റ്—5,000 രൂപ. (തിരികെ ലഭിക്കുന്നത്)

II. മെഡിക്കൽ കോഴ്സുകൾ

1. എം. ബി. ബി. എസ്.—9,625 രൂപ.

2. ബി. ഡി. എസ്.—9,625 രൂപ.

3. ആയുർവേദ ആന്റ് സിദ്ധ—1,200 രൂപ.

2. ബി. ഫാം ആന്റ് ബി. എസ്. സി. നെഴ്സിംഗ്—6,490 രൂപ.

മാനേജ്മെന്റ് സീറ്റിൽ പ്രവേശനം ലഭിച്ചവർ നൽകേണ്ടിയിരുന്ന ട്യൂഷൻ ഫീസ് താഴെപ്പറയുന്ന പ്രകാരമായിരുന്നു:

ബി. ഡി. എസ്.—1,75,000 രൂപ.

ബി. ഫാം—50,000 രൂപ.

ആയുർവേദ ആന്റ് സിദ്ധ—1,00,000 രൂപ.

കോമേഴ്സ് വിഷയത്തിൽ ബി. എഡ്. ആരംഭിക്കാൻ നടപടി

387 [2448] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ ബി. എഡ്. കോഴ്സിൽ കോമേഴ്സ്, സോഷ്യോളജി എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കോമേഴ്സ്, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികകളിൽ നിയമനത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളെ ബി. എഡ്. യോഗ്യതയിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കോമേഴ്സ്, സോഷ്യോളജി ഐച്ഛിക വിഷയമായി എടുത്തിട്ടുള്ളവർക്കുവേണ്ടി പ്രത്യേക ബി. എഡ്. കോഴ്സ് തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly